# 7

# ഉദ്വേഗജനകമായ അവസ്ഥ ദൈവം എങ്ങനെ പരിഹരിച്ചു
## (1 രാജാക്കന്മാർ 19:1- 21)

മഴക്കു വേണ്ടി ഏലിയാവ് പ്രാർത്ഥിച്ച ശേഷം അവൻ ആവേശഭരിതനായി തീർന്നു. ബാലിന്റെ പ്രവാചകന്മാരുമായി ഏറ്റുമുട്ടി അവന്റെ ദൈവം വിജയിച്ചു. ''യഹോവ തന്നെ ദൈവം!'' എന്നു ആളുകൾ നിലവിളിച്ചു പറയുന്നത് അവൻ കേട്ടു. അവസാനം അവൻ വലിയ മഴയാൽ വരൾച്ച മാറിയത് കണ്ടു. അദ്ധ്യായം 18 ന്റെ അവസാനം, ഏലിയാവ് യിസ്രയേലിന്റെ വാതിൽക്കൽ നിന്നപ്പോൾ, ആഹാബ് രാജധാനിയിലേക്ക് പോയി. ആ സംഭവിച്ചതിന്റെ എല്ലാം അനന്തരഫലമായി, ഗവൺമെന്റിലും മാനം വന്നു, ദേശം മുഴുവൻ യഹോവയിലേക്ക് തിരിയുമെന്ന് അവൻ വിശ്വസിച്ചുകാണും. ആവേശഭരിതനായ പ്രവാചകന്റെ സ്ഥിതി എനിക്ക് ഊഹിക്കുവാൻ കഴിയും.

അദ്ധ്യായം 19-ൽ, ഏലിയാവ് കർമ്മേൽ പർവ്വതത്തിൽനിന്നു നിരാശാതാഴ്വരയിലേക്ക് പോകുന്ന വലിയ അന്തരം നമുക്കു കാണാം. യാക്കൊബ് പറയുന്നു, ''ഏലിയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു'' (യാക്കൊബ് 5:17). അതെഴുതുമ്പോൾ, യാക്കൊബ് ഒരുപക്ഷെ 1 രാജാക്കന്മാർ 19 ചിന്തിച്ചിരിക്കാം. ആ അദ്ധ്യായം ബൈബിളിൽ ഉൾപ്പെടുത്തിയതുകൊണ്ട് ഞാൻ സന്തോഷിക്കുന്നു. യഹോവ അതിൽ ആവശ്യമായതെല്ലാം വരച്ചു ചിത്രീകരിച്ചിരിക്കയാൽ ഞാൻ സന്തോഷിക്കുന്നു. നാം നേരിടുന്നതുപോലെയുള്ള പ്രശ്നങ്ങളായിരുന്നു ഏലിയാവും നേരിട്ടത് എന്നത് അറിയുന്നതു നമുക്ക് സഹായകരമാണ്.

ഏലിയാവിന്റെ പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു, അവൻ എങ്ങനെ അതിൽനിന്നു കരകയറി, ആ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ദൈവം എന്തെല്ലാമാണ് ചെയ്തത് (1 രാജാക്കന്മാർ 19).

### ഉദ്വേഗജനകമായ അവസ്ഥ (19:1-4)

''ഏലിയാവ് ചെയ്തതൊക്കെയും, അവൻ സകല പ്രവാചകന്മാരെയും വാൾകൊണ്ട് കൊന്ന വിവരമൊക്കെയും ആഹാബ് ഈസെബേലിനോട് പറഞ്ഞു'' (വാക്യം 1). ആ രംഗം മനസിൽ കാണുക: രാത്രി വൈകിയിരിക്കുന്നു. ഈസെബേലിനെ ഉണർത്തണ്ട എന്നു വിചാരിച്ച് ആഹാബ് കിടക്കമുറിയിലേക്ക് പ്രവേശിക്കുന്നു. അവൻ തന്റെ രണ്ടാമത്തെ ചെരിപ്പ് അഴിക്കുന്നതിനിടെ, ''ആഹാബല്ലേ?'' എന്നു ചോദിച്ചു.

''പ്രിയയേ, ഞാൻ നിന്നെ ഉണർത്തണ്ട എന്നാണ് വിചാരിച്ചത്.''

''നിങ്ങൾ ഇത്ര താമസിച്ചത് എന്ത്.''

''അതോ, വളരെ തിരക്കുള്ള ദിവസമായിരുന്നു.''

''ആഹാബ്, നിങ്ങളുടെ ശബ്ദം ഇടറിയിരിക്കുന്നുവല്ലോ, എന്തോ സംഭവിച്ചിട്ടുണ്ട്.''

''അതു ഞാൻ നാളെ രാവിലെ വിശദമായി പറയാം.''

''പോരാ, അത് *ഇപ്പോൾ* തന്നെ എന്നോട് പറയുക.'' (ഭാര്യയോട് എന്തെങ്കിലും പറയാതിരുന്നാലുള്ള അവസ്ഥ ഭർത്താക്കന്മാർക്ക് അറിയാം.)

സംഭവിച്ചത് ആഹാബ് അവളോട് പറയുവാൻ തുടങ്ങുന്നു: ''അത് ... ഒരു ... ആവേശകരമായ ഒരു ദിവസമായിരുന്നു. ഏലിയാവ് സ്വർഗത്തിൽനിന്നു തീ ഇറക്കി.''

ഈസെബേൽ വായ് പൊളിച്ചു. ''ആ പഴയ സൂത്രം. ആ സൂത്രം എങ്ങനെ ചെയ്യണമെന്ന് എല്ലാ പുരോഹിതന്മാരെയും പഠിപ്പിച്ചിരുന്നുവല്ലൊ.''

''പിന്നെ അവൻ മഴ വരുന്നു എന്നു പറഞ്ഞു, അവൻ പറഞ്ഞപ്പോൾ മഴയുടെ ലക്ഷണമൊന്നുമില്ലായിരുന്നു, എന്നാൽ ഒരു നിമിഷം കഴിഞ്ഞപ്പോൾ, മഴ പെയ്യുവാൻ തുടങ്ങി.''

''മഴയോ?'' അതു കൊള്ളാം. വെറുതെയല്ല നിങ്ങളുടെ വസ്ത്രമെല്ലാം നനഞ്ഞിരിക്കുന്നത്. അതെല്ലാം യാദൃശ്ചികമായി സംഭവിച്ചതാണ്, ഇനിയും, നിങ്ങൾ പറയാത്തത് *എന്തോ ഉണ്ടല്ലൊ.*''

ആഹാബ് ഒന്നു രണ്ടുവട്ടം ദീർഘശ്വാസം വിട്ടശേഷം, പതുക്കെ പറയുന്നു, ''അതിനുശേഷം, ഏലിയാവ് പ്രവാചകന്മാരെയെല്ലാം തോട്ടിന്റെ താഴ്വരയിലേക്ക് കൊണ്ടുപോകയും, ... (പിറുപിറുത്ത്, പിറുപിറുത്തു).''

അവൾ ചോദിച്ചു, ''എന്ത്?''

''എലിയാവ് എല്ലാ പ്രവാചകന്മാരെയും കൊണ്ടുപോയി ... (പിറുപിറുത്ത്, വീണ്ടും പിറുപിറുത്തു).''

''*എന്നിട്ട്?*''

''പിന്നെ ... പിന്നെ അവൻ എല്ലാവരേയും *കൊന്നു*കളഞ്ഞു.''

ആ സമയത്ത്, ഈസെബേലിന്റെ മുഖഭാവം അടുത്ത പതിനഞ്ചു മുപ്പതു മിനിറ്റു നേരം എങ്ങനെയായിരുന്നു എന്നു എനിക്ക് ഊഹിക്കുവാൻ കഴിയും. അവൾ അസന്തുഷ്ടയായ സ്ത്രീയായി മാറി.

എന്തു സംഭവിക്കണമെന്നു ആഹാബ് ആഗ്രഹിച്ചുവോ, അത് നടന്നില്ല., കാരണം ആഹാബ് വിവാഹം കഴിച്ചിരുന്നത് ഈസെബേലിനെ ആയിരുന്നു.

''പിന്നെ ഈസെബേൽ ഏലിയാവിന്റെ അടുക്കലേക്ക് ഒരു ദൂതനെ അയച്ചു'' (വാക്യം 2). ഒരുപക്ഷെ ഏലിയാവ് ഒരു സന്ദേശവാഹകനെ പ്രതീക്ഷിച്ചിരിക്കാം – ''രാജകിയ പ്രാകാരത്തിലേക്ക് വന്നു; ഒരു ഉപദേഷ്ടാവായിരിക്കുക; ഞങ്ങളെ യഹോവയിലേക്ക് തിരിച്ചുപോകുവാൻ സഹായിക്ക'' എന്ന സന്ദേശമായിരിക്കാം അവൻ പ്രതീക്ഷിച്ചത്. എങ്ങനെയായാലും, സന്ദേശം അതായിരുന്നില്ല.

> ഈസെബേൽ ഏലിയാവിന്റെ അടുക്കൽ ഒരു ദൂതനെ അയച്ചു. നാളെ ''ഈ നേരത്ത് ഞാൻ നിന്റെ ജീവനെ അവരിൽ ഒരുത്തന്റെ [മരിച്ച ബാൽ പ്രവാചകന്മാരിൽ ഒരുത്തന്റെ] ജീവനെ പോലെ ആക്കുന്നില്ല എങ്കിൽ ദേവന്മാർ [അവളുടെ ദേവന്മാർ] എന്നോട് തക്കവണ്ണവും അധികവും ചെയ്യുമാറാകട്ടെ'' എന്നു പറയിച്ചു (വാക്യം 2).

മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഈസെബേൽ ഏലിയാവിനു അയച്ച സന്ദേശം, ''ഇരുപത്തി-നാല് മണിക്കൂറിനുള്ളിൽ ഒന്നുകിൽ നീ മരിക്കും, അല്ലെങ്കിൽ ഞാൻ മരിക്കും''!

ഈസെബേൽ എന്തിനാണ് സന്ദേശവാഹകനെ അയച്ചത് എന്നു ചിലർ സംശയിച്ചേക്കാം. അവൾ വാസ്തവത്തിൽ ഗൗരവത്തിലായിരുന്നുവെങ്കിൽ, അവനെ കൊല്ലുവാൻ ആളെ അയക്കുമായിരുന്നില്ലേ? അതൊരു വിരട്ടലും, ഭയപ്പെടുത്തലും, തന്ത്രവുമായിരുന്നു എന്നാണ് അവർ തീർച്ചയാക്കുന്നത്. എന്റെ അഭിപ്രായം (വിലയുള്ളതാണ്) അനുസരിച്ച് അവൾ വളരെ ഗൗരവത്തിൽ തന്നെയായിരുന്നു. ഏലിയാവ് രാജാവിനെയും യിസ്രയേലിലെ കുടുംബത്തലവന്മാരേയും തരം താഴ്ത്തിയത് അവൾക്ക് ഇഷ്ടപ്പെട്ടില്ല എന്നാണ് ഞാൻ കരുതുന്നത്. ''അവർ ഒരു കൂട്ടം *ആളുകളാ*യിരുന്നു. അവൻ *എന്നെ* ഇനി കാണരുത്.'' രണ്ട് രീതിയിൽ അവൾ ഏലിയാവിനെ വെല്ലുവിളിക്കുകയായിരുന്നു, പട്ടണ വീഥികളിൽ നേർക്കു-നേരെ-യുള്ള ഏന്നുമുട്ടൽ - അത് കർമ്മേൽ പർവ്വതത്തിലുള്ള കാഴ്ച്ചക്കായിരുന്നില്ല, യിസ്രയേലിലുള്ള കാഴ്ച്ചക്കായിരുന്നു.

ഏലിയാവ് എങ്ങനെയാണ് അതിനെ പ്രതികരിച്ചത്? ''അവൻ ഭയപ്പെട്ടു[1] എഴുന്നേറ്റു ജീവരക്ഷക്കായി പുറപ്പെട്ടു'' (വാക്യം 3). കർമ്മേൽ പർവ്വതത്തിൽ വെച്ച്, ആയിരക്കണക്കിനു ആളുകളെ നേരിട്ടവൻ, പലരും ആയുധങ്ങളുമായിട്ടായിരുന്നു, ഇപ്പോൾ ഇതാ, താറുമാറാക്കുന്ന ഒരു രാജ്ഞിയുടെ ഭയപ്പെടുത്തൽ നിമിത്തം ഓടിപ്പോകുന്നു.

അവൻ ''പുറപ്പെട്ടു ജീവരക്ഷക്കായി യെഹൂദക്കുൾപ്പെട്ട ബേർശേബയിൽ ചെന്നു'' (വാക്യം 3). യെഹൂദ്യയുടെ തെക്കുഭാഗത്തായിട്ടായിരുന്നു ബേർശേബ - യിസ്രയേലിൽനിന്ന് ഏതാണ്ട് നൂറു മൈൽ അകലെ, കുറച്ചൊന്നു മയങ്ങിയും ഭക്ഷണം ഒന്നും കഴിക്കാതെയുമായിരിക്കാം അവൻ ആ നൂറു മൈൽ *ഓടിയ*ത്.

അവൻ ബേർശേബയിലെത്തിയപ്പോൾ, ''തന്റെ ബാല്യക്കാരനെ അവിടെ താമസിപ്പിച്ചു'' (വാക്യം 3). കഴിഞ്ഞ അദ്ധ്യായത്തിൽ ഈ ബാല്യക്കാരനെ കുറിച്ച് നാം ചുരുക്കമായി പറയുകയുണ്ടായി.[2] കാരണം എന്തായാലും, ഏലിയാവ് അവനെ പിന്നിൽ വിട്ടിട്ടാണ് പോയത്.[3]

ഏലിയാവ് ബേർശേബയിൽ തങ്ങിയില്ല, ആ പട്ടണം സീനായ് മരുഭൂമിയുടെ അതിർത്തിയിലായിരുന്നു; അവൻ മുൻപോട്ട് നീങ്ങി. ''താനോ മരുഭൂമിയിൽ ഒരു ദിവസത്തെ വഴി ചെന്നു ഒരു ചൂരച്ചെടിയുടെ തണലിൽ ഇരുന്നു'' (വാക്യം 4). ചില തർജിമകളിൽ ''ചൂൽ ചെടി'' എന്നാണ്. അതു ചിലപ്പോൾ പത്തു പന്ത്രണ്ട് അടി ഉയരത്തിൽ പടർന്നു കുന്ധിക്കാട് പോലെ വളരുന്ന ചെടിയാണ്. അതിന് വലിയ തണൽ ഇല്ലെങ്കിലും, ഒന്നുമില്ലാതിരിക്കുന്നതിനേക്കാൾ നല്ലതാണല്ലോ.

''അവൻ ആ ചെടിയുടെ തണലിൽ ഇരുന്നു മരിപ്പാൻ ഇഛിച്ചു'' (വാക്യം 4).[4] അത് വിരോധാഭാസമല്ലേ? ഈസെബേൽ തന്നെ കൊല്ലാതിരിക്കേണ്ടതിന്ന് അവൻ പ്രാണരക്ഷക്കായി ഓടുകയായിരുന്നു, എങ്കിലും അവൻ ഇപ്പോൾ പറയുന്നു, ''ഞാൻ മരിച്ചിരുന്നു എങ്കിൽ കൊള്ളാമായിരുന്നു.'' അവൻ തുടർന്നു, ''ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തു കൊള്ളേണമേ. ഞാൻ എന്റെ പിതാക്കന്മാരേക്കാൾ നല്ലവനല്ലല്ലോ [എനിക്കു മുമ്പായി, ദൈവത്തിന്റെ വക്താക്കളായി വന്ന, മുൻഗാമികൾ]'' (വാക്യം 4).[5] സ്പഷ്ടമായും, അവൻ തന്റെ ''പിതാക്കന്മാരേക്കാൾ നല്ലവനാണെന്നു'' വിചാരിച്ചു കാണും; അവർക്കു ചെയ്യുവാൻ കഴിയാതിരുന്നതു തനിക്കു ചെയ്യുവാൻ കഴിയുമെന്ന് വിചാരിച്ചിരിക്കാം: അതായത് യിസ്രായേലിനെ ദൈവത്തിലേക്ക് തിരിച്ചു കൊണ്ടുവരാ

മെന്ന് വിചാരിച്ചു കാണും. അങ്ങനെ സംഭവിച്ചില്ല, അതുകൊണ്ട് അവൻ പറഞ്ഞു, ‘‘ഞാൻ എന്റെ പ്രവാചക കുപ്പായം അഴിച്ചു വെക്കുവാൻ പോകുന്നു, ഞാൻ മരിക്കുവാൻ ഒരുങ്ങിയിരിക്കുന്നു.’’

ഇവിടെ നിരാശയുടെ സ്പഷ്ടമായ ഒരു ചിത്രം കാണാം: താഴേക്കിടയിലേക്ക് ഇറങ്ങിയ മനുഷ്യൻ, തന്റെ സാഹചര്യമെല്ലാം പ്രത്യാശയില്ലാതായി തീർന്നു എന്നു വിചാരിച്ചു, അവൻ സാഹചര്യത്തിനടിമപ്പെട്ടു. നാമെല്ലാവരും നമ്മുടെ ജീവിതത്തിൽ ചുരുങ്ങിയത് ഒരു പ്രാവശ്യം അവിടെ ആയിരിക്കുവാൻ സാധ്യതയുണ്ട്.

ഏലിയാവ് എങ്ങനെ ചുരച്ചെടിയുടെ കീഴിൽ എത്തി?

ആദ്യം അവൻ മാനുഷിക നിയന്ത്രണത്തിലായിരുന്നു, അല്ലാതെ ദൈവികനിയന്ത്രണത്തിലായിരുന്നില്ല. യഹോവയുമായുള്ള ബന്ധത്തിൽ, അവൻ വഴി തെറ്റിയാണ് സഞ്ചരിച്ചത്. ആ നിമിഷം വരെ അവൻ അടുത്ത പടി സഞ്ചരിക്കുവാൻ ‘‘യഹോവയുടെ വചനത്തിനായി കാത്തിരുന്നു,’’ പക്ഷെ ഇത്തവണ അതിനായി കാത്തിരുന്നില്ല. ദൈവേഷ്ടത്തിനു പകരം തന്റെ സ്വന്തം തീരുമാനത്തിൽ ആശ്രയിച്ചു.

അവൻ ‘‘യഹോവയുടെ വചനത്തിനായി’’ കാത്തിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? അവൻ പറയുന്നത് എനിക്ക് ഊഹിക്കുവാൻ കഴിയും, ‘‘ദൈവമേ, ഈസെബേൽ എന്റെ ജീവൻ എടുക്കുവാൻ ഉറച്ചിരിക്കുന്നു, എനിക്ക് ഭയമാകുന്നു.’’

‘‘നീ തമാശ പറയുകയാകുന്നു! നീ രാജാവിനേയും അവന്റെ ആയുധധാരികളായ സൈന്യത്തേയും, ബാലിനെ വണങ്ങിയ 450 പ്രവാചകന്മാരെയും, ആയിരക്കണക്കിനു യിസ്രായേല്യരേയും പരാജയപ്പെടുത്തിയിട്ട്, വിഗ്രഹാരാധി – യായ ഒരു സ്ത്രീയെ നീ ഭയപ്പെടുന്നുവോ? അവരേക്കാൾ മോശമായി അവൾക്ക് എന്തു ചെയ്യുവാൻ കഴിയും?’’

‘‘അവൾ എന്നെ കൊല്ലുവാൻ ശ്രമിക്കുന്നു.’’

‘‘അവൾ അങ്ങനെ ചെയ്തുവെങ്കിലോ? ‘ദേഹത്തെ കൊല്ലുവാൻ കഴിയുന്നവരെ ഭയപ്പെടേണ്ട.’[6] അവൾ നിന്നെ കൊന്നാൽ, നീ വീട്ടിലേക്ക് വന്നു എന്നോടുകൂടെ ആയിരിക്കുക.’’

‘‘ഞാൻ എന്തു ചെയ്യണം?’’

‘‘നീ എവിടെയാണോ അവിടെ ആയിരിക്കുക, എനിക്ക് കുറെ കാര്യങ്ങൾ കൂടെ ചെയ്യുവാനുണ്ട്!’’

എങ്ങനെയായാലും, ഏലിയാവ് ‘‘യഹോവയുടെ വചനത്തിനായി’’ കാത്തിരുന്നില്ല. നാം മാനുഷ്യ കണ്ണുകൾ കൊണ്ട് നോക്കുമ്പോൾ, നാം ടെലസ്ക്കോപിന്റെ തെറ്റായ അറ്റത്തുകൂടെയാണ് നോക്കുന്നത്. നമ്മുടെ കാഴ്ച്ചപ്പാട് തന്നെ സമ്മിശ്രമായിരിക്കും.

രണ്ടാമത്, അതിന്റെ ഫലമായി, ഏലിയാവിനു വ്യക്തമായി കാണുവാൻ കഴിഞ്ഞില്ല; അവന്റെ ചിന്ത ഹ്രസ്വ–മായിരുന്നു. അവൻ ശരിയായി ചിന്തിച്ചിരുന്നുവെങ്കിൽ, കർമ്മേൽ പർവ്വതത്തിൽ വെച്ച് ആയിരക്കണക്കിനാളുകളെ ദൈവസഹായത്താൽ പരാജയപ്പെടുത്തിയതിനാൽ, ഒരു സ്ത്രീയെ ഭയന്ന് ഓടുമായിരുന്നില്ല. പകരം, അവന്റെ മനസ് നിറയെ നിഷേധ ഭാവങ്ങളായിരുന്നു; അവ അവന്റെ തലയിൽ നിറഞ്ഞിരുന്നു.

മൂന്നാമത്, അവൻ ഭയത്തിനടിമയായി. നാം ഭയത്തിനടിമയാകുമ്പോൾ, അത് നമ്മെ കീഴ്പ്പെടുത്തും. ഒരു കുട്ടി ആയിരുന്നപ്പോൾ രാത്രിയിൽ നടന്നു

പോയതു ഓർക്കുന്നു, പിന്നിൽ ആരോ വരുന്ന വിധത്തിൽ ഒരു ശബ്ദം കേട്ടു. ഭയം തോന്നിയതിനാൽ, തിരിഞ്ഞു നോക്കാതെ വേഗത കൂട്ടി. പിന്നെ ഓടാൻ തുടങ്ങി. കാലുകൾ തളർന്നു പോകുന്ന വിധത്തിൽ എത്രയും വേഗ ത്തിൽ ഓടാമോ അത്രയും വേഗത്തിൽ ഓടി വീട്ടിലെത്തി; അപ്പോൾ എന്റെ ഹൃദയമിടിപ്പ് വർദ്ധിച്ചിരുന്നു.[7] ഏലിയാവ് ഭയപ്പെട്ടപ്പോൾ, നിർത്താതെ നൂറു മൈലോളം ഓടി!

നാലാമത്, ഒരു വിജയത്തിനുശേഷം പരാജയത്തെ നേരിടുവാൻ അവൻ ഒരുങ്ങിയിരുന്നില്ല. ഓരോ പരിശീലകനും ആ സാഹചര്യത്തെ കുറിച്ച് നന്നായി അറിയാം. അതുകൊണ്ടാണ് വലിയ ചാമ്പ്യന്മാർക്ക് എല്ലാ വർഷവും വിജയം കൈവരിക്കുവാൻ കഴിയാതെ വരുന്നത്. വിജയം നമ്മെ മെരുങ്ങുന്നവരാ ക്കുന്നു. അതുപോലെ കർത്താവിന്റെ സഭയിലെ ഇടവകകളിൽ പ്രത്യേക പ രിപാടികൾ നടത്തി അംഗസംഖ്യ വർദ്ധിപ്പിച്ചേക്കാം, എന്നാൽ പിന്നീട് അതു കുറഞ്ഞു വരുന്നതു കാണാം. ഏലിയാവ് ആ പരാജയത്തിനായി ഒരുങ്ങിയി രുന്നില്ല.

അഞ്ചാമത്, അവൻ തന്റെ ശക്തിയുടെ ഉറവിടത്തിൽനിന്നു വിട്ടുനിന്നു. അവൻ ദൈവത്തിൽനിന്നു തന്നെ വിട്ടുനിന്നിരുന്നു, യഹോവയുടെ വചന ത്തിനായി അവൻ കാത്തിരുന്നില്ല; അവൻ മനുഷ്യരിൽനിന്നു വിട്ടുനിന്നു. അവൻ തന്റെ ബാല്യക്കാരനോടും യാത്ര പറഞ്ഞു പിരിഞ്ഞിരുന്നു. ഏലിയാ വിനെ കുറിച്ച് ''ജീവിച്ചിരിക്കുന്ന ഏകാന്ത പഥികൻ'' എന്നു പറയാമായിരുന്നു.

നിരാശരായ ആളുകൾ പലപ്പോഴും ഏകാന്തമായിരിക്കും. അതിലുള്ള അസാധാരണത്വം എന്തെന്നാൽ, അവർ മനുഷ്യരിൽ നിന്നു വിട്ടുനിൽക്കുന്ന തിനാലാണ് ഏകാന്തരായി തീരുന്നത്. ''എനിക്ക് ആരെയും കാണണ്ട. ഞാൻ ആളുകളോടൊപ്പം ആയിരിപ്പാനും ആഗ്രഹിക്കുന്നില്ല.'' വാസ്തവത്തിൽ അവർ തന്നെ അങ്ങനെ ആകുകയാണ്.

നമുക്ക് മറ്റുള്ളവർ ആവശ്യമാണെന്ന വിധത്തിലാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. ''മനുഷ്യൻ ഏകനായിരിക്കുന്നത് ... നന്നല്ല'' (ഉൽപത്തി 2:18). യേശുക്രിസ്തു പോലും, ഗത്ത്ശെമന തോട്ടത്തിൽ വെച്ച്, തന്റെ ശിഷ്യന്മാർ അവനെ ''നോക്കിയിരിപ്പാൻ'' ആഗ്രഹിച്ചിരുന്നു (മത്തായി 26:40).

തന്നെ പിന്താങ്ങുന്ന വ്യവസ്ഥകളിൽനിന്നെല്ലാം ഏലിയാവ് വിട്ടുപിരിഞ്ഞു നിന്നു.

ആറാമത്, അവൻ ശാരീരികമായി വളരെ തളർന്നിരുന്നു. അവൻ ഭക്ഷണം കഴിച്ചിട്ടു ദിവസങ്ങൾ കഴിഞ്ഞിരുന്നു. മൈലുകൾ നടന്ന്, ശാരീരികമായും, വൈകാരികമായും, ആത്മിയമായും ക്ഷീണിതനായിരുന്നു. ഗ്രീക്കുകാർക്കിട യിൽ ''അമ്പ് വളഞ്ഞാൽ, അത് ഒടിയും'' എന്ന ഒരു ചൊല്ല് ഉണ്ടായിരുന്നു. ഏലിയാവ് അത്തരത്തിലായിരുന്നു.

ഇന്നത്തെ ഒരു വലിയ പ്രശ്നം അതാണ്. ഓരോ ദിവസവും, നാം ഇരു പത്തി-അഞ്ചു മണിക്കൂർ പ്രവർത്തിക്കുവാനും, മാസത്തിൽ മുപ്പത്തി-രണ്ടു ദിവസം പ്രവർത്തിക്കുവാനും പദ്ധതികൾ തയ്യാറാക്കും. നാം ജീവിതത്തിന്റെ വേഗതയേറിയ ലൈനിലാണ് സഞ്ചരിക്കുന്നത്. നാം ശ്രദ്ധിച്ചില്ലെങ്കിൽ അവ ശരായി പോകും, നമ്മുടെ മനസെല്ലാം വൈകാരികമായ ഉദ്വേഗത്തിലാണ്. അതുമായി ബന്ധപ്പെട്ട് ചില ഉപദേശങ്ങൾ ഇതാ: നിങ്ങൾ കൂടുതൽ ക്ഷീണി തരായിരിക്കുമ്പോൾ, ഒരു തീരുമാനം എടുക്കാതിരിക്കുക. ഈസെബേലിനെ നേരിടണോ വേണ്ടയോ എന്ന ഒരു തീരുമാനം എടുക്കുവാൻ പറ്റിയ അവ

സ്ഥയിലായിരുന്നില്ല അപ്പോൾ ഏലിയാവ്!

ഏഴാമത്, അവൻ സ്വയ-പരിതാപത്തിലായി. ''ഞാൻ വളരെ പണിപ്പെട്ടു,'' ''പക്ഷെ, ഒന്നും നേടിയില്ല, എനിക്ക് കഴിവില്ല!'' മനോഭാവമാണ് താഴ്മയെ പ്രകടമാക്കുന്നത് എന്നു ചിലർ കരുതുന്നു, എന്നാൽ അത് അങ്ങനെയല്ല. അത് സൂചിപ്പിക്കുന്നത് നേരെ മറിച്ചാണ്. അതു സ്വാർത്ഥതയുടെ സൂചനയാണ്, കൂടുതലും സ്വന്തം കാര്യങ്ങളെ കുറിച്ചു ചിന്തിക്കലാണ്.

സ്വയം-പരിതപിക്കുന്നത് ഒരു വിചിത്ര ജന്തുവാണ്. അത് നമ്മുടെ ചെവികളിൽ ഭോഷ്ക്ക് മന്ത്രിക്കുന്നു, പിന്നെ അതിനെ വിപുലമാക്കി, മുൻപിലത്തേതിനേക്കാൾ മോശമാക്കും. സ്വയം-പരിതപിക്കൽ ഒരു വ്യക്തിയെ ആത്മഹത്യയിലേക്ക് പോലും നയിക്കും. ''ഇപ്പോൾ, മതി യഹോവേ,'' ''എന്റെ പ്രാണനെ എടുത്തുകൊൾക.''

ഏലിയാവ് എവിടെയാണെന്ന് നിങ്ങൾ കാണുന്നുണ്ടോ? ആ വലിയ ദൈവ പുരുഷനിലേക്ക് നിരാശയും നിരുൽസാഹവും വന്നു. അതു ആർക്കും സംഭവിച്ചേക്കാം. മരിച്ചിരുന്നുവെങ്കിൽ എന്ന് മോശെയും വിചാരിച്ചിരുന്നു (സംഖ്യാപുസ്തകം 11:15), ഇയ്യോബിനും ഉണ്ടായി (ഇയ്യോബ് 3:1 മുതൽ.) യോനായ്ക്കും സംഭവിച്ചു (യോനാ 4:3). പൗലൊസിനും ജീവിതത്തിൽ നിരാശ നേരിട്ടു (2 കൊരിന്ത്യർ 1:8). അതു നിങ്ങൾക്കും ഉണ്ടായേക്കാം.

## ആ ഉദ്വേഗമായ അവസ്ഥ നീക്കുവാൻ ദൈവം എന്താണ് ചെയ്തത് (19:5-21)

നമുക്ക് ഇനി ശേഷം സംഭവം പരിശോധിക്കാം. പിന്നെ ആ ഉദ്വേഗമായ അവസ്ഥ നീക്കുവാൻ ദൈവം എന്തു ചെയ്തു എന്നത് ചുരുക്കമായി നോക്കാം. നമുക്ക് നമ്മെയും - ഒരുപക്ഷെ മറ്റുള്ളവരെയും സഹായിക്കുവാൻ ശീലിക്കാം.

> അങ്ങനെ അവൻ [ഏലിയാവ്] ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങുമ്പോൾ, പെട്ടെന്നു ഒരു ദൂതൻ അവനെ തട്ടി അവനോട് ''എഴുന്നേറ്റു തിന്നുക'' എന്നു പറഞ്ഞു. അവൻ ഉണർന്നു നോക്കിയപ്പോൾ കനലിന്മേൽ[8] ചുട്ട ഒരു അടയും ഒരു തുരുത്തി വെള്ളവും തലെക്കൽ ഇരിക്കുന്നതു കണ്ടു. അവൻ തിന്നു കുടിച്ചു പിന്നെയും കിടന്നുറങ്ങി (വാക്യങ്ങൾ 5, 6).

മുൻപ് ഏലിയാവിനെ പോറ്റുവാൻ കാക്കയെയും, വിധവയെയുമാണ് ദൈവം ഉപയോഗിച്ചത്; ഇപ്പോൾ ഒരു ദൂതനെയാണ് അയച്ചത്.

> യഹോവയുടെ ദൂതൻ രണ്ടാം പ്രാവശ്യം വന്നു അവനെ തട്ടി ''എഴുന്നേറ്റു തിന്നുക; നിനക്കു ദൂരയാത്ര ചെയ്യുവാനുണ്ടല്ലോ'' എന്നു പറഞ്ഞു. അവൻ എഴുന്നേറ്റു തിന്നു കുടിച്ചു; ആ ആഹാരത്തിന്റെ ബലം കൊണ്ട് നാൽപതു പകലും നാൽപതു രാവും ദൈവത്തിന്റെ പർവ്വതമായ ഹോരേബോളം നടന്നു (വാക്യങ്ങൾ 7, 8).

മോശെക്ക് ന്യായപ്രമാണം ലഭിച്ച സിനായ് പർവ്വതത്തിന്റെ മറ്റൊരു പേരാണ് ''ഹോരേബ്.''[9] (നാൽപതു ദിവസം ആഹാരം പാചകം ചെയ്യാത്ത

ഭക്ഷണത്തിന്റെ ചേരുവകൾ ലഭിച്ചിരുന്നുവെങ്കിൽ എന്ന് നാം ആഗ്രഹിച്ചുപോകും!)

''അവിടെ അവൻ [ഏലിയാവ്] ഒരു ഗുഹയിൽ[10] കടന്നു രാപാർത്തു'' (വാക്യം 9). പ്രവാചകൻ ഒരു ഗുഹാ വാസിയായി. അവൻ ലോകത്തിൽനിന്നു തന്നെ ഛേദിക്കപ്പെട്ടു.

''അപ്പോൾ അവന്നു യഹോവയുടെ അരുളപ്പാടുണ്ടായി, ഏലിയാവേ, ഇവിടെ നിനക്ക് എന്തു കാര്യം? എന്നു ചോദിച്ചു'' (വാക്യം 9). ദൈവം പറഞ്ഞത് എങ്ങനെ എന്നു നാം അറിഞ്ഞിരുന്നുവെങ്കിൽ, അത് ശാസനയായിരുന്നോ അല്ലയോ എന്നു നമുക്ക് പറയാമായിരുന്നു. ശാസനയായിരുന്നുവെങ്കിൽ അത് മൃദുവായതായിരുന്നു: ''യിസ്രായേലിൽ നീ എന്റെ വേല ചെയ്യുന്നതിനു പകരം നീ ഇവിടെ എന്താണ് ചെയ്യുന്നത്?''

ഏലിയാവ് തന്റെ മനസിലേക്ക് വരുന്നതെല്ലാം കണക്ക് കൂട്ടുവാൻ തുടങ്ങി:

> അതിന്നു അവൻ,[11] ''സൈന്യങ്ങളുടെ ദൈവമായ യഹോവക്കു വേണ്ടി ഞാൻ വളരെ ശുഷ്ക്കാന്തിച്ചിരിക്കുന്നു; യിസ്രായേൽമക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ചു, നിന്റെ യാഗപീഠങ്ങളെ ഇടിച്ചു. നിന്റെ പ്രവാചകന്മാരെ വാൾകൊണ്ട് കൊന്നുകളഞ്ഞു. ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു; അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു എന്നു പറഞ്ഞു'' (വാക്യം 10).

''യഹോവേ, ഒരു മാർഗവും ഞാൻ കാണുന്നില്ല, ഒന്നും ചെയ്യുവാൻ കഴിയുന്നില്ല'' എന്നാണ് ഏലിയാവ് പറഞ്ഞത്.

അപ്പോൾ ദൈവം പറഞ്ഞു, ''നീ പുറത്തു വന്നു നിൽക്ക'' (വാക്യം 11). ഏലിയാവിനോട് ഗുഹയിൽനിന്നു പുറത്തു വരുവാനാണ് ദൈവം പറഞ്ഞത്. ''പർവ്വതത്തിൽ യഹോവയുടെ മുൻപാകെ നിൽക്ക'' എന്നും പറഞ്ഞു (വാക്യം 11). ദൈവം പറഞ്ഞത്, ''മുൻകാലങ്ങളിൽ, കൽപനക്കായി യഹോവയുടെ മുൻപിൽ നിന്നിരുന്നതു നിനക്ക് അറിയാമല്ലോ. ആ ബന്ധം നാം യഥാസ്ഥാനപ്പെടുത്തണം!''

> അപ്പോൾ ഇതാ യഹോവ കടന്നുപോകുന്നു; ശക്തിയുള്ള ഒരു കൊടുങ്കാറ്റ് യഹോവയുടെ മുൻപിൽ പർവ്വതങ്ങളെ കീറി പാറകളെ തകർത്തു; എന്നാൽ കാറ്റിൽ യഹോവ ഇല്ലായിരുന്നു. കാറ്റിന്റെ ശേഷം ഒരു ഭൂകമ്പമുണ്ടായി; ഭൂകമ്പത്തിലും യഹോവ ഇല്ലായിരുന്നു. ഭൂകമ്പത്തിന്റെ ശേഷം ഒരു തീ; തീയിലും യഹോവ ഇല്ലായിരുന്നു. തീയുടെ ശേഷം സാവധാനത്തിൽ ഒരു മൃദു സ്വരം ഉണ്ടായി (വാക്യങ്ങൾ 11, 12).

കെജെവിയിൽ ''ശാന്തമായ ചെറിയ ശബ്ദം'' എന്നാണ്. എങ്ങനെയായാലും, അത്, ''ഏലിയാവേ, ഏലിയാവേ'' എന്നു മന്ത്രിക്കലായിരുന്നില്ല. എബ്രായ മൂലഭാഷയിൽ, ''ഒരു ശബ്ദം അല്ലെങ്കിൽ നിശബ്ദതയിൽ നേരിയ ശബ്ദം'' എന്നാണ്. അതു വസന്തത്തിലെ മന്ദമാരുതൻ പോലെയാകാം എന്നാണ് എൻഎഎസ്ബി പറയുന്നത്. ചെറിയ മൃഗത്തിന്റെ നേർമ്മയുള്ള ശബ്ദം പോലെയുമാകാം.

ഇതെല്ലാം ദൈവം ചെയ്തത് എന്തിനാണെന്ന് എനിക്ക് അറിയില്ല. ന്യായ പ്രമാണം ലഭിച്ചപ്പോൾ മോശെ കണ്ടതായ കാഴ്ച്ച കാണുവാനായിരിക്കാം ഒരുപക്ഷെ ഏലിയാവ് അവിടെ വന്നത്. ദൈവം ശക്തിയുള്ളവനാണെന്ന് ഉറപ്പാക്കുവാൻ ഒരുപക്ഷെ ഏലിയാവ് ആഗ്രഹിച്ചിരിക്കാം. നേരെ മറിച്ച്, അവൻ നിശ്ചലമായ അവസ്ഥയിലും, മനോഹരമായ അവസ്ഥയിലും ഉള്ളവ നാണെന്ന് ഏലിയാവിനെ ബോധ്യപ്പെടുത്തുവാനായിരുന്നേക്കാം. അതെല്ലാം ഊഹം മാത്രമാണ്. അതിന്റെ *ഫലമായി*, കാറ്റും, ഭൂകമ്പവും, തീയും, നേരിയ ശബ്ദവുമെല്ലാമുണ്ടായി എന്നു മാത്രമാണ് നമുക്ക് അറിയാവുന്നത്. ഏലിയാവിനെ ഗുഹയിൽനിന്നു പുറത്തുകൊണ്ടുവരുവാനായിരുന്നു ദൈവം ഇതെല്ലാം ചെയ്തത്.

''ഏലിയാവ് അതു കേട്ടിട്ടു തന്റെ പുതപ്പുകൊണ്ടു മുഖം മൂടി പുറത്തു വന്നു ഗുഹാമുഖത്തു നിന്നു. ഏലിയാവേ ഇവിടെ നിനക്ക് എന്തു കാര്യം എന്നു ചോദിക്കുന്ന [ഒരു ശബ്ദം] അവൻ കേട്ടു'' (വാക്യം 13). ഏലിയാവിന്റെ പുതപ്പിനെ കുറിച്ച് നാം വായിക്കുന്നത് ഇത് ആദ്യമായിട്ടാണ്, അത് അവന്റെ ഔദ്യോഗികമായ ചിഹ്നം ആയിരുന്നു (സെഖര്യാവ് 13:4 നോക്കുക). അത് ചെമ്മരിയാടിന്റെ രോമം കൊണ്ടുണ്ടാക്കിയ, കമ്പിളി പുതപ്പായിരുന്നേക്കാം. ''ഏലിയാവ് പുറത്തു കടന്നു ഗുഹാമുഖത്ത് നിന്നു'' (വാക്യം 13). കാറ്റും, ഭൂകമ്പവും, തീയും അവനെ ഗുഹക്കുള്ളിലേക്ക് കൂടുതൽ ഉൾവലിയുമാറാക്കി കാണും, പക്ഷെ നേരിയ ശബ്ദം അവനെ പുറത്തേക്കു വരുമാറാക്കി. ഏലിയാവ് ഒരുയടിക്ക് പുറത്തു വന്നില്ല, പക്ഷെ അവൻ പുരോഗമനത്തിലായിരുന്നു! നാം നിരാശരായ ആളുകളുമായി ബന്ധപ്പെടുമ്പോൾ, പുരോഗമനം വളരെ ചെറുതായിട്ടുമാത്രമെ സംഭവിക്കാറുള്ളു: മൂന്നടി മുൻപോട്ട് വെക്കും; പിന്നെ രണ്ടടി പുറകോട്ട് വെക്കും; ചിലപ്പോൾ രണ്ടടി മുൻപോട്ട് വെക്കും; മൂന്നടി പുറകോട്ട് നടക്കും.

''ഏലിയാവേ, ഇവിടെ നിനക്ക് എന്തു കാര്യം എന്നു ചോദിക്കുന്ന ഒരു മൃദു സ്വരം കേട്ടു'' (വാക്യം 13). അത് ദൈവം മുൻപ് ചോദിച്ച ചോദ്യമായിരുന്നു. കുഴപ്പങ്ങളുള്ള കുടുംബങ്ങളെ അതു പരിഹരിക്കുവാൻ സഹായിച്ചിരുന്ന ആസ്ട്രേലിയയിലെ എന്റെ ഒരു സ്നേഹിതൻ പറഞ്ഞു, ''അങ്ങനെയാണ് നിരാശരായ ആളുകളുമായി ഇടപെടുന്നത്; നിങ്ങൾ അവരോട് ചോദ്യങ്ങൾ ചോദിക്കണം.'' ഏലിയാവ് അവിടെ എന്തിനാണ് വന്നതെന്ന് ദൈവത്തിന് അറിയാമായിരുന്നു, എന്നാൽ ഏലിയാവിനെ പുറത്തു കൊണ്ടുവരുവാൻ ദൈവം ചോദ്യം ചോദിച്ചു.

ഏലിയാവിന്റെ മറുപടി ആദ്യത്തേതു തന്നെയായിരുന്നു എന്നതു ശ്രദ്ധിക്കുക. വാക്കിനു വാക്ക്:

> അതിന്നു അവൻ, ''സൈന്യങ്ങളുടെ യഹോവെക്കു വേണ്ടി ഞാൻ വളരെ ശുഷ്ക്കാന്തിച്ചിരിക്കുന്നു; യിസ്രായേൽമക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ചു; നിന്റെ യാഗപീഠങ്ങളെ ഇടിച്ചു, നിന്റെ പ്രവാചകന്മാരെ വാൾകൊണ്ട് കൊന്നുകളഞ്ഞു. ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു. അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു എന്നു പറഞ്ഞു'' (വാക്യം 14).

അവൻ ക്ഷീണിതനായി തീരുന്നതുവരെ, ആ ചിന്തകൾ അവന്റെ മന

സിൽ എത്ര പ്രാവശ്യം വന്നു കാണുമെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. ഇപ്പോൾ അവൻ ആ വഴിത്താരയിൽനിന്നു പുറത്തു വരണം. നിങ്ങൾ നിരാശ പ്പെട്ടിട്ടുണ്ടെങ്കിൽ, നിഷേധഭാവങ്ങളെ, നശീകരണ ചിന്തകളെ അയവിറക്കുക എന്നു പറഞ്ഞാലെന്താണെന്ന് നിങ്ങൾക്ക് അറിയാം, അവസാനം അതു നി ങ്ങളെ ഭ്രാന്തു പിടിപ്പിക്കും.

ദൈവത്തിന് ഏലിയാവിനെ ശാസിക്കുവാൻ പറ്റിയ സമയമാണിത് - അല്ലെങ്കിൽ അവനെ തിരുത്തുവാൻ - എന്നാൽ യഹോവ ചെയ്തത് ശ്രദ്ധി ക്കുക: ''യഹോവ അവനോട്, 'നീ പുറപ്പെട്ട് ദമ്മെശേക്കിന്റെ മരുഭൂമി വഴി യായി മടങ്ങിപ്പോക' '' (വാക്യം 15) ''ഏലിയാവേ, നീ ഗുഹ വിട്ട് - വടക്കോട്ട് യാത്ര ചെയ്യുക.'' ഗലീലാ കടലിൽനിന്ന് വടക്ക് കിഴക്കായി മൂപ്പതു മൈൽ അകലെയായിരുന്നു സ്ഥിതി ചെയ്തത്.

> യഹോവ അവനോട് അരുളിച്ചെയ്തതെന്തെന്നാൽ, നീ പുറപ്പെട്ടു ദമ്മെശെക്കിന്റെ മരുഭൂമി വഴിയായി മടങ്ങി പോക. നീ എത്തുമ്പോൾ, ഹസായേലിനെ അരാമിന്നു [സിറിയക്ക്] രാജാവായിട്ട് അഭിഷേകം ചെയ്ക.[12] നിംശിയുടെ മകനായ യേഹുവിനെ [ആഹാബിനു പകരം] യിസ്രായേലിന്റെ രാജാവായിട്ട് അഭിഷേകം ചെയ്യേണം. ആബേൽ മെഹോലയിൽനിന്നുള്ള സാഫാത്തിന്റെ മകനായ ഏലിശയെ നിനക്കു പകരം പ്രവാചകനായിട്ട് അഭിഷേകം ചെയ്കയും വേണം. ഹസായേ ലിന്റെ വാളിന്നു [അത് വാൾകൊണ്ടുള്ള യുദ്ധം] തെറ്റിപ്പോകുന്നവനെ യേഹു കൊല്ലും; യേഹുവിന്റെ വാളിന്നു [അതായത് നീതിയുടെ വാൾ] തെറ്റിപ്പോകുന്നവനെ ഏലിശാ കൊല്ലും [അതായത് സത്യത്തിന്റെ വാളു മായി].[13] എന്നാൽ ബാലിന്നു മടങ്ങാത്ത മുഴങ്കാലും അവനെ ചുംബനം ചെയ്യാത്ത വായുള്ളവരായി [അതായത്., ബാലിന്റെ വിഗ്രഹത്തെ നമ സ്ക്കരിക്കാത്ത] ആകെ ഏഴായിരം പേരെ ഞാൻ യിസ്രായേലിൽ ശേഷി പ്പിച്ചിരിക്കുന്നു (വാക്യങ്ങൾ 15-18).

ഏലിയാവ് നിരത്തിയ ഓരോ നിഷേധത്തിനും ദൈവം മറുപടി പറഞ്ഞത് ശ്രദ്ധിക്കുക:

ഏലിയാവ് പറഞ്ഞു, ''യിസ്രായേൽ നിന്റെ കൽപനകളെ ഉപേക്ഷിച്ചു കളഞ്ഞു''; ''സിറിയൻ രാജാവ് ഹസായേൽ യിസ്രായേലിനെ ശിക്ഷിക്കും.'' അയൽ ദേശങ്ങളിൽ വെച്ച് സിറിയയായിരുന്നു യിസ്രായേലിന്റെ ഏറ്റവും മോശമായ ശത്രു.

ഏലിയാവ് പറഞ്ഞു, ''ആഹാബും ഏലിയാവും കൂടെ നിന്റെ യാഗപീ ഠങ്ങളെ ഇടിച്ചുകളഞ്ഞു''; ദൈവം പറഞ്ഞു, ''ആഹാബിന്റെ വാഴ്ച്ചയെ യേഹു നശിപ്പിക്കും. അതിനു ശേഷം ബാലിനെ ആരാധിക്കൽ ഉണ്ടാവുക യില്ല.'' തുടർന്നുള്ള അദ്ധ്യായങ്ങളിൽ നാം യേഹുവിന്റെ രക്തച്ചൊരിച്ചിൽ കാണും. യെഹൂദ ചരിത്രത്തിൽ അത്തരം പ്രവൃത്തികൾ വേറെ കാണുകയില്ല, ആഹാബിന്റെ ഗൃഹത്തെ അവൻ പൂർണ്ണമായി ഉന്മൂലനം ചെയ്തു. ബാലിന്റെ ക്ഷേത്രത്തിൽ യേഹു ചെന്ന്, ആരാധകരുടെ രക്തം യാഗരക്തങ്ങളോടുകൂടെ കലർത്തി എന്നു ജോസെഫസും പറയുന്നു.

ഏലിയാവ് പറഞ്ഞു, ''ഞാൻ മാത്രം ശേഷിച്ചിരിക്കുന്നു''; ദൈവം പറഞ്ഞു, ''ബാലിന്നു മുട്ടു മടക്കാത്ത ഏഴായിരം പേരെ ഞാൻ ശേഷിപ്പിച്ചിരിക്കുന്നു.''

ദൈവം പറഞ്ഞത്, ''സാഹചര്യം അത്ര മോശമല്ല. എന്റെ സഹായത്താൽ എല്ലാ പ്രശ്നങ്ങളും, ഏതു വെല്ലുവിളിയും നേരിടുവാൻ കഴിയും.'' ദൈവ പുരുഷനും, ദൈവ സ്ത്രീക്കും അത് ആവശ്യമായ ഒരു പാഠമാണ്.

''അങ്ങനെ [ഏലിയാവ്] പുറപ്പെട്ടു'' (വാക്യം 19). അവൻ അവസാനം ഗുഹ വിട്ടു! അവൻ ദൈവവേലക്കായി ഒരുങ്ങി. അവൻ നേർ പാതയിലേക്കു വന്നു. ''അവൻ സാഫെത്തിന്റെ മകനായ ഏലിശയെ കണ്ടെത്തി; അവൻ പന്ത്രണ്ട് ഏർ കാള പൂട്ടി ഉഴുവിച്ചുകൊണ്ടിരുന്നു. പന്ത്രണ്ടാമത്തേതിനോടുകൂടെ താൻ തന്നെയായിരുന്നു'' (വാക്യം 19).[14] മൂന്നു മൂന്നര വർഷമായി ആർക്കും കൃഷിയും വിളവെടുപ്പുമില്ലായിരുന്നു; യിസ്രായേലിലെ കൃഷിക്കാർക്ക് അത് ആവേശകരമായ സമയമായിരുന്നു.

ഗിലെയാദിലെ വന്യ-ജീവിയെ പോലെയുള്ള പ്രവാചകനു പകരക്കാരൻ യോർദ്ദാൻ താഴ്വരയിലെ മണ്ണിൽ പണി ചെയ്തിരുന്ന കൃഷിക്കാരനായിരുന്നു! ആരും പ്രാധാന്യമില്ലാത്തവരല്ല; പ്രാധാന്യം കർത്താവിനുള്ള സമർപ്പണമാണ്. ഹൃദയം ദൈവത്തോട് യോജിച്ചിരുന്നാൽ, അവന്റെ സേവനത്തിന് നിങ്ങളെയും അവൻ ഉപയോഗിക്കും!

''ഏലിയാവ് അവന്റെ അരികെ ചെന്നു തന്റെ പുതപ്പ് എടുത്ത് അവന്റെ മേൽ ഇട്ടു'' (വാക്യം 19) - ഏലിയാവിനു പകരം ദൈവം ഏലിശയെ തിരഞ്ഞെടുത്തിരിക്കുന്നു എന്നതിന്റെ അടയാളമായിരുന്നു അത്.

> അവൻ [ഏലിശാ] കാളയെ വിട്ട് ഏലിയാവിന്റെ പിന്നാലെ ഓടി; ''ഞാൻ എന്റെ അപ്പനെയും അമ്മയെയും ചുംബിച്ചുകൊള്ളട്ടെ, അതിന്റെ ശേഷം ഞാൻ നിന്റെ പിന്നാലെ വരാം'' എന്നു പറഞ്ഞു. അതിന്നു അവൻ ''പോയി വരിക; എന്നാൽ ഞാൻ നിനക്ക് എന്തു ചെയ്തിരിക്കുന്നു എന്നു ഓർക്ക?''[15] എന്നു പറഞ്ഞു. അങ്ങനെ അവൻ അവനെ [ഏലിയാവിനെ] വിട്ടു ചെന്നു ഒരേർ കാളയെ [അവൻ ഉഴുതുകൊണ്ടിരുന്ന] പിടിച്ചു അറുത്തു കാളയുടെ മരക്കോപ്പു കൊണ്ട് [മരംകൊണ്ടുള്ള നുകവും കെട്ടുവള്ളിയും] മാംസം പാചകം ചെയ്തു ജനത്തിന്നു കൊടുത്തു; അവർ തിന്നു, പിന്നെ അവൻ ഏലിയാവിന്റെ പിന്നാലെ ചെന്നു അവനു ശുശ്രൂഷകനായി തീർന്നു (വാക്യങ്ങൾ 20, 21).

ഏലിശാ തന്റെ പാലങ്ങളെല്ലാം കത്തിച്ചുകളഞ്ഞു. ജീവിതത്തിലെ ആ ഭാഗം തീർന്നു ''പിന്നെ അവൻ പുറപ്പെട്ട് ഏലിയാവിന്റെ പിന്നാലെ ചെന്നു അവന്നു ശുശ്രൂഷകനായിരുന്നു'' (വാക്യം 21). ഏലിയാവിന്റെ ആവശ്യങ്ങളെല്ലാം അവൻ നിറവേറ്റി. ഏലിശാ ''ഏലിയാവിന്റെ കൈകളിൽ വെള്ളം ഒഴിച്ചുകൊടുത്തു,'' ഒരു ദാസന്റെ പ്രവൃത്തിയെയാണ് അതു സൂചിപ്പിക്കുന്നത് (2 രാജാക്കന്മാർ 3:11).

ഏലിയാവ് ഒരിക്കൽ കൂടെ തന്റെ ആജ്ഞാ-നു-വർത്തി-മുഖ്യന്റെ ഇഷ്ടമനുസരിച്ച് പ്രവർത്തികുവാൻ തയ്യാറായി.

ദൈവം ഏലിയാവിന്റെ ശൂന്യത നീക്കിയതെങ്ങനെ എന്നു നമുക്ക് ചുരുക്കമായി നോക്കാം:

ആദ്യം ദൈവം ഏലിയാവിന്റെ ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റി. തിന്നു, കുടിച്ചു വിശ്രമിക്കുവാനാണ് പ്രവാചകനോട് പറഞ്ഞത്. തീർച്ചയായും

നിരാശരായ ആളുകളോട് നാം സംസാരിക്കുമ്പോൾ, അവർ ശാരീരികമായും, വൈകാരികമായും ക്ഷീണിതരായിരിക്കും; അപ്പോൾ അവർക്ക് വിശ്രമവും ആവശ്യമാണ്; മൃദുവായ സ്നേഹക്കരുതൽ ആവശ്യമാണ്. നിരാശയിലായ ഒരാൾ ആദ്യം ഒരു ഡോക്ടറെ കണ്ട് വിശദമായ ഒരു പരി-ശോധന നടത്തുന്നതായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്. പരിശുദ്ധാത്മാവ് വസിക്കുന്ന മന്ദിരമാണ് നമ്മുടെ ശരീരം എന്ന് നാം ഓർക്കണം (1 കൊരിന്ത്യർ 3:16, 17). *ട്രൂത്ത് ഫോർ ടുഡേക്ക്* വേണ്ടി എഴുതുവാനായി ഞാൻ അർക്കൻസാസിലെ സിയേഴ്സിയിലേക്കു ചെന്നപ്പോൾ റോസാ പുഷ്പം വീണ്ടും വീണ്ടും മണക്കാതിരിക്കേണ്ടതിന് വാതിൽക്കൽ ഒരു കൃത്രിമമായ പുഷ്പം വെച്ചു!

രണ്ടാമത്, ദൈവം ഏലിയാവിനോട് മൃദുവായിട്ടാണ് ഇടപെട്ടത്. എനിക്ക് അറിയാവുന്ന മിക്ക ക്രിസ്തീയ കൗൺസിലേഴ്സിനും ഏലിയാവിന്റെ നിരാശാസംഭവം ഇഷ്ടമാണ്. ‘‘ചോദ്യങ്ങൾ ചോദിച്ച്’’ നിരാശരായവരെ ‘‘ദൈവത്തിലേക്ക് മടക്കി കൊണ്ടുവരുവാൻ അവർ ഈ സംഭവത്തിൽനിന്നു ഇരുപത്തി-അഞ്ചു പോയിന്റുകൾ എടുക്കാറുണ്ട്’’. അവയെല്ലാം ചേർത്തുകൊണ്ട്, ദൈവം ഏലിയാവിനോട് *മൃദുവായിട്ടായിരുന്നു* ഇടപെട്ടത് എന്നു പറയാം.

ഈ ഒരു കുറവ് നിമിത്തം ദൈവം ആ ദാസനെ വിട്ടുകളഞ്ഞില്ല. ദൈവം അവനെ മോശമായി കാണുകയോ, അല്ലെങ്കിൽ തരം താഴ്ത്തുകയോ ചെയ്തില്ല. മറിച്ച്, ഉപയോഗിക്കുവാനുള്ള സ്ഥാനത്തേക്ക് അവനെ മടക്കി കൊണ്ടുവന്നു. ദൈവം സ്നേഹവാനായ ദൈവം ആണെന്നു നാം മനസിലാക്കണം. അവൻ നമ്മുടെ ഭാഗത്ത് ഉണ്ട് (റോമർ 8:31). അവൻ നമ്മെ രക്ഷിക്കുവാൻ *ആഗ്രഹിക്കുന്നു* (2 പത്രൊസ് 3:9). നാം അകന്നു പോകുമ്പോൾ, നാം തിരിച്ചു വരുന്നതിന് ദൈവം ആവുന്നതെല്ലാം മൃദുവായി ചെയ്യും (സങ്കീർത്തനങ്ങൾ 23:3, 5; ലൂക്കൊസ് 15:4–6). നാം മാനസാന്തരപ്പെടുമെങ്കിൽ, അവൻ കൈനീട്ടി നമ്മെ സ്വീകരിക്കും (ലൂക്കൊസ് 15:20 മുതൽ).

നിരാശരായ ആളുകളുമായി നാം ഇടപെടുമ്പോൾ, നമുക്ക് മനസലിവോടും സൗമ്യതയോടും ഇടപെടാം.

മൂന്നാമതായി, അവൻ ഏലിയാവിനു ചെയ്യുവാൻ ജോലി കൊടുത്തു. ‘‘ട്രൂത്ത് ഇൻ ലവ്’’ എന്ന ടിവി പ്രോഗ്രാം അവതരിപ്പിക്കുവാൻ എനിക്ക് അവസരം ലഭിച്ചിരുന്നു, അതിൽ ഓക്ലഹോമയിലെ ഒരു ക്രിസ്ത്യൻ ആയ വില്യം ജോൺസിന്റെ ഒരു പരിപാടി ഉണ്ടായിരുന്നു, ‘‘സംശയത്തെ എങ്ങനെ കൈകാര്യം ചെയ്യണം’’ എന്നതിനെ കുറിച്ച് അദ്ദേഹത്തിന്റെ ഒരു ഫീച്ചർ ഉണ്ടായിരുന്നു. ധാരാളം പ്രായോഗികമായ നിർദ്ദേശങ്ങൾ അദ്ദേഹം നൽകുകയുണ്ടായി. വ്യക്തികൾക്ക് ഏറ്റവും മുഖ്യമായി വേണ്ടി വന്ന ഉപദേശം, ‘‘നിങ്ങൾ നിങ്ങളിൽനിന്നു പുറത്തു കടന്നു, പ്രവർത്തിയോന്മുഖമാകുക! നിങ്ങളെ കുറിച്ചു തന്നെ ചിന്തിക്കുന്നത് നിർത്തുക. മറ്റുള്ളവരെ കുറിച്ചു ചിന്തിക്കുക; മറ്റുള്ളവരെ സഹായിക്കുവാൻ ശ്രമിക്കുക.’’

അവന്റെ ജീവിതം അവസാനിച്ചിട്ടില്ല എന്നാണ് ദൈവം ഏലിയാവിനോട് പറഞ്ഞത്: ‘‘അർത്ഥവത്തായ ജോലികൾ ഇനിയും നീ ചെയ്യേണ്ടതായിട്ടുണ്ട്. ഒരേ പ്രവൃത്തി തന്നെ ആയിരിക്കുകയില്ല. (സമയം ചെല്ലുന്തോറും നമ്മുടെ പ്രവൃത്തികൾ മാറും.) എങ്ങനെയായാലും, അതു പ്രധാനപ്പെട്ട ജോലിയാണ്. കർമ്മേൽ പർവ്വതത്തിൽ ഇനി ഒരു വീഴ്ച്ച ഉണ്ടാവുകയില്ലായിരിക്കാം, എങ്കിലും പല നാടകീയ സംഭവങ്ങളും ഉണ്ടായേക്കാം. ഇനിയും നീ ആഹാബിന്റെ മനസാക്ഷിയെ സേവിക്കേണ്ടതായിട്ടുണ്ട്. സ്വർഗത്തിൽനിന്നു കൂടുതൽ തീയും

ഉണ്ടായേക്കാം'' നാം കാണുവാൻ പോകുന്നതുപോലെ, യുവ പ്രവാചകന്മാരെ പരിശീലിപ്പിക്കുന്നതിനും ഏലിയാവിനെ ഉപയോഗിക്കുവാനും ദൈവത്തിനു പദ്ധതിയുണ്ടായിരുന്നു! ദൈവം ഫലത്തിൽ പറഞ്ഞു, ''ഈ ശൂന്യത നിമിത്തം ഞാൻ നിന്നെ ഒരു അലമാരയിൽ അടച്ചിടുവാൻ ആഗ്രഹിക്കുന്നില്ല. നീ ഇനിയും വിലയുള്ള ദാസനാണ്!''

നാം മനോ മാന്ദ്യത്തിലാകുമ്പോൾ, പുറത്തുകടക്കുവാനുള്ള വഴി മറ്റെന്തെങ്കിലും ചെയ്യുക എന്നതാണ്, പ്രത്യേകിച്ചു മറ്റുള്ളവർക്ക് അനുഗ്രഹങ്ങൾ ലഭിക്കത്തക്കത്. നിങ്ങൾ മറ്റുള്ളവരുടെ വൈകാരിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കുകയാണെങ്കിൽ, അവരുടെ ജീവിതത്തിലെ ഉദ്ദേശം വ്യക്തമാക്കി കൊടുക്കുക.

നാലാമത്. ദൈവം ഏലിയാവിന് ഒരു സ്നേഹിതനെയും കൂട്ടാളിയെയും നൽകി. എല്ലാവർക്കും ആരെങ്കിലും വേണം. നമുക്ക് പലർക്കും, അത് സ്നേഹമുള്ള ഒരു ക്രിസ്തീയ തുണയായിരിക്കും. നമുക്ക് സ്നേഹിതനായി യേശു ഉണ്ട്. നമുക്ക് എല്ലാവർക്കും ആരെങ്കിലും വേണം. ദൈവം ഏലിയാവിന് ഏലിശയെ കൊടുത്തു.

ചിലർ പറഞ്ഞേക്കാം, ''ഞാൻ സഭയിൽ സജീവമായി ഉൾപ്പെടുവാൻ ആഗ്രഹിച്ചു. ധാരാളം ചെറു സംഘങ്ങൾ അവിടെയുണ്ട്. എനിക്ക് ആ സംഘങ്ങളിലൊന്നും ചേരുവാൻ കഴിഞ്ഞില്ല.'' അത് വാസ്തവത്തിൽ അങ്ങനെയാണെങ്കിൽ, നിങ്ങൾ എവിടെയാണ് ആരാധിക്കുന്നത്? എനിക്ക് ദുഃഖം തോന്നുന്നു; പക്ഷെ നിങ്ങൾക്ക് അതിനു ചുറ്റും ആയിരിക്കാമല്ലൊ. ചൂരച്ചെടിയുടെ തണലിൽ ആരെങ്കിലും കാണും. നിങ്ങളെക്കാളും ഏകനായിരിക്കുന്ന ആളെ കണ്ടെത്തുക. സ്നേഹിതനാകുക. നിങ്ങൾക്കും നിങ്ങളുടെ സ്നേഹിതനും സഹായകരമായ ഒരു പിന്താങ്ങൽ വ്യവസ്ഥ ഉണ്ടാക്കിയെടുക്കുക.

### ഉപസംഹാരം

അത് കർമ്മേൽ പർവ്വതത്തിലല്ല, നമുക്ക് വിജയം ഒരുക്കുന്ന പർവ്വതം സിനായ് പർവ്വതമാണ്, ഏകാന്ത പർവ്വതം – നാം വിചാരിക്കുന്നതുപോലെ കാര്യങ്ങൾ നടന്നില്ലെങ്കിൽ, അവിടെ കാര്യങ്ങൾ നേരെയാകും, നാം ആശിക്കുന്നതുപോലെ കാര്യങ്ങൾ ആയില്ലെങ്കിൽ അവിടെ നമുക്ക് പ്രത്യാശയുണ്ടാകും.

നാം അവിടെയാണെങ്കിൽ, ദൈവവുമായുള്ള നമ്മുടെ ബന്ധം പരിശോധിക്കുക, ഒരുപക്ഷെ ഏലിയാവിനെ പോലെ, ''കർത്താവിന്റെ വചനത്തിനായി കാത്തിരിക്കാതെ'' നാം നമ്മുടെ വഴിക്ക് ഓടിക്കൊണ്ടിരിക്കയാകാം. ആ വചനം അറിയുവാൻ ഒരുപക്ഷെ നാം വായിക്കുകയും, കർത്താവിങ്കലേക്ക് മടങ്ങുകയും വേണം.

നിങ്ങൾ ഇപ്പോൾ എവിടെയാണ്? നിങ്ങൾ സ്വയം–പരിതപിക്കുന്ന ഗുഹയിലാണെങ്കിൽ, കർത്താവിങ്കലേക്ക് തിരിഞ്ഞ് അവനിൽ ആശ്രയിക്കുക! ഗുഹയിൽനിന്നു പുറത്തു കടക്കുക! സിനായ് പർവ്വതം വിട്ട് കാൽവരി മലയിലേക്ക് നീങ്ങുക.

---

### ദൃശ്യ-സഹായ കുറിപ്പുകൾ

നിങ്ങളുടെ പോക്കറ്റിൽ ഒരു വെള്ള തൂവാല കരുതുക. ഏലിയാവ് തന്റെ ദയനീയമായ അവസ്ഥ വിവരിക്കുന്നതു നിങ്ങൾ പറയുമ്പോൾ, ആ തൂവാല എടുത്തു നിങ്ങളുടെ കണ്ണു തുടക്കുക. ഏലിയാവ് വിട്ടുകളയുവാനാഗ്ര

ഹിച്ചു പറയുമ്പോൾ, ആ തൂവാല വീശി കാണിക്കുക. പാഠത്തിന്റെ ശേഷം ഭാഗം വരെ, അതു പ്രസംഗപീഠത്തിന്റെ അരികിൽ വെക്കുക. പാഠത്തിന്റെ അവസാനം, ഏലിയാവ് നേർപാതയിലേക്ക് തിരിച്ചു വരുമ്പോൾ, ആ തൂവാല വിശ്വാസത്തോടെ നിങ്ങളുടെ ഷർട്ടിന്റെ മുൻവശത്തുള്ള പോക്കറ്റിൽ ഇടുക. നിങ്ങൾ സ്വയം-പരിതപിക്കലിൽനിന്നു മോചിതനാകുന്നു; നിങ്ങൾ ''ദൈവ ത്തോടുകൂടി നടക്കുവാൻ ശ്രമിക്കുന്നു.''

---

കുറിപ്പുകൾ

[1]''അവൻ ഭയപ്പെട്ടു'' എന്നതു ''അവൻ കണ്ടു'' എന്ന എബ്രായ പ്രയോഗം പോലെയാണ് (കെജെവിയും മറ്റു വെർഷനുകളും നോക്കുക); വവ്വലുകൾ മാത്രമെ മാറിയിട്ടുള്ളു. മിക്ക ആധുനിക തർജ്ജിമകളും സെപ്റ്റ്വജിന്റിൽനിന്നുള്ളതാണ്, അതിനാൽ ''അവൻ ഭയപ്പെട്ടു'' എന്നു പറഞ്ഞിരിക്കുന്നു. [2]കഴിഞ്ഞ പാഠത്തിലെ കുറിപ്പുകൾ നോക്കുക. [3]തനിക്ക് വേഗത്തിൽ പോകുവാനായിരിക്കാം അവനെ വിട്ടുപോയത്; അല്ലെങ്കിൽ ബാല്യക്കാരന്റെ സുരക്ഷിതത്വത്തിനായിരിക്കാം. ദൈവം എന്തുകൊണ്ടാണെന്ന് പറയാതിരിക്കുന്നതിനാൽ ഊഹിക്കുന്നത് ഉപകാരപ്പെടുകയില്ല. [4]തിരഞ്ഞെടുക്കാവുന്നത്: ഇവിടെ ഒരു തൂവാല ഉപയോഗിക്കുക. ''ദൃശ്യസഹായ-കുറിപ്പുകൾ'' നോക്കുക. [5]ഈ സമയത്തെ ഏലിയാവിന്റെ പ്രാർത്ഥനയും, അവൻ കർമ്മേൽ പർവ്വതത്തിൽ വെച്ചു പ്രാർത്ഥിച്ചതും തമ്മിലുള്ള അന്തരം നോക്കുക: 1 രാജാക്കന്മാർ 18:36, 37. [6]മത്തായി 10:28. [7]തിരഞ്ഞെടുക്കാവുന്നത്: നെഞ്ചിൽ കൈ വെക്കുക, ഹൃദയമിടിപ്പ് കാണിക്കുക. അത് മൈക്കിനരികിലേക്ക് കൊണ്ടുവരിക. [8]ഇവിടെ ഉപയോഗിച്ച എബ്രായ വാക്കിന്റെ അർത്ഥം ''കല്ലുകൾ,'' ''കൽക്കരി'' എന്നാണ് (കെജെവിയും മറ്റു തർജ്ജിമകളും നോക്കുക). ചൂരച്ചെടിയുടെ/ചൂൽച്ചെടിയുടെ വേരുകൾ കരിക്കട്ടക്കായി ഉപയോഗിച്ചിരുന്നു. [9]ബേർശേബയിൽനിന്നു, പരമ്പരാഗതമായ സിനായ് പർവ്വതത്തിലേക്ക് ഏതാണ്ട് 150 മൈലോളം ദൂരമെയുള്ളു, അപ്പോൾ യാത്രക്ക് നാൽപതു ദിവസം എടുക്കുകയില്ല, അതുകൊണ്ട് സിനായ് പർവ്വതം മുഴുവൻ സഞ്ചരിച്ചതും (അവിടേക്ക് പോയതും, അവിടെ ചെലവഴിച്ചതും, തിരിച്ചു യാത്ര ചെയ്തതും) അടക്കം ആയിരിക്കാം നാൽപതു ദിവസം. മറ്റൊരു സാധ്യത എന്തെന്നാൽ, സിനായ് പർവ്വതം മറ്റൊരു സ്ഥലമാണ്; 1 രാജാക്കന്മാർ എന്ന പുസ്തകത്തെ കുറിച്ചുള്ള ബർട്ടൻ കോഫ്മാന്റെ കമെന്ററി നോക്കുക. [10]മൂല ഭാഷയിൽ ''ഗുഹ'' എന്നായതിനാൽ അത് മോശെ ദൈവത്തെ കണ്ട സ്ഥാനമായിരുന്നതുകൊണ്ട്, ഏലിയാവ് ആ വിശുദ്ധ സ്ഥാനത്തേക്ക് മനപ്പൂർവ്വമായിട്ടായിരുന്നു പോയത് എന്നു ചിലർ വിശ്വസിക്കുന്നു. എങ്ങനെയായാലും, അത് ഒരു ഊഹം മാത്രമാണ്, ഏന്നാൽ ഏലിയാവ് അവിടെ താമസിക്കേണ്ടതിനാണ് പോയത്.

[11]തിരഞ്ഞെടുക്കാവുന്നത്: ഇവിടെ വീണ്ടും തൂവാല ഉപയോഗിക്കുക. ''ദൃശ്യ-സഹായ കുറിപ്പുകൾ'' നോക്കുക. [12]വാക്യം 15 ലും 16 ലും പറഞ്ഞിരിക്കുന്ന ''അഭിഷേകം'' എന്ന വാക്ക് ആലങ്കാരികമായി ഉപയോഗിച്ചിരിക്കുന്നതു സൂചിപ്പിക്കുന്നത് ഏലിയാവ് ആരെയും, ഏലിശയെ അടക്കം അക്ഷരികമായി എണ്ണയൊഴിച്ചിരുന്നില്ല എന്നാണ്. ദൈവോദ്ദേശത്തിനായി ദൈവപ്രതിനിധി ആയി ഏലിശാ ശുശ്രൂഷ ചെയ്യണം എന്നതിനാണ് ഊന്നൽ. [13]എഫെസ്യർ 6:17; എബ്രായർ 3:12. അനീതി പ്രവർത്തിക്കുന്നവരെ ഏലിശാ, യഹോവയുടെ വചനത്താൽ ''മരണത്തിന് ഏൽപിക്കും'' എന്നത് സൂചിപ്പിക്കുന്നത് അഭക്തരുടെമേൽ ന്യായവിധി വരുത്തും എന്നാണ്. [14]ഇരുപത്തി-നാല് കാളകളുണ്ടായിരുന്നതിനാൽ ഏലിശായുടെ കുടുംബം ധനിക

കുടുംബം ആയിരുന്നേക്കാം, അല്ലെങ്കിൽ അല്ലായിരുന്നേക്കാം. ഒരുപക്ഷെ കൃഷിക്കാരെല്ലാം ചേർന്നു ഒരുമിച്ച് ചേർന്ന്, ആദ്യം ഒരാളുടെ സ്ഥലത്തെ പണി തീർന്നശേഷം അടുത്ത ആളുടെ സ്ഥലത്ത് കൃഷി ചെയ്യുന്ന രീതിയുമാകാം. [15]അത് ഒരുപക്ഷെ ശാസനയായിരിക്കാം. വരുവാനുള്ള-ശിഷ്യന്മാർ ലൂക്കൊസ് 9:57–62–ൽ നടത്തിയ ഒഴികഴിവ് ആയിരിക്കയില്ല ഏലിയാവ് നടത്തിയത്. ആ വ്യക്തികൾ എന്നേക്കുമായി യേശുവിനെ പിൻപറ്റുന്നതു ഒഴിവാക്കുകയായിരുന്നു. അമ്മയപ്പന്മാരോട് യാത്ര പറഞ്ഞു അവരെ ചുംബിച്ചു പിരിയുക എന്നതിനപ്പുറം ഒന്നും ഏലിയാവ് ആഗ്രഹിച്ചതായി സൂചനയില്ല. ''ഏലിശായേ, നിനക്ക് ഞാൻ ഒരു പുതിയ ജോലി തരുന്നു, പോയി നിന്റെ അമ്മയപ്പന്മാരോട് യാത്ര പറഞ്ഞു വരിക, അവരുമായുള്ള ബന്ധം പൂർണ്ണമായി ഉപേക്ഷിക്കുവാൻ ഞാൻ പറയുന്നില്ല'' എന്നാണ് ഏലിയാവ് പറഞ്ഞത്. [16] ഇത് ആരംഭിച്ചത് ആരാണെന്ന് എനിക്ക് അറിയില്ല. വർഷങ്ങൾക്കു മുൻപ് പ്രെന്റിസ് ജൂനിയർ., ''ഏലിയാവ് നിരാശനായപ്പോൾ'' എന്ന വിഷയത്തെ കുറിച്ച് ഒരു പ്രസംഗം നടത്തിയിരുന്നു. അതിനു ശേഷം നിരാശയിലായവരെയും നിരുൽസാഹത്തിലായവരെയും കൗൺസലിങ്ങ് നടത്തിവരുന്ന ഉപദേഷ്ടാക്കന്മാരും പ്രാസംഗികരും ഇതു ഉപയോഗിച്ചു വരുന്നു.

---

## പാഠത്തിന്റെ ബാഹ്യരൂപരേഖ

മുഖവുര

- ഏ. അവന്റെ പ്രാർത്ഥനക്കു മറുപടിയായി മഴ വന്നു. ഏലിയാവ് ആവേശവാനായി! എന്തൊരു വ്യത്യാസമാണ് നാം അദ്ധ്യായം 19–ൽ കാണുന്നത്!
  1. നമുക്ക് ഉള്ളതുപോലെ വികാരങ്ങൾ ഉള്ള മനുഷ്യനായിരുന്നു ഏലിയാവ് (യാക്കൊബ് 5:17; 1 രാജാക്കന്മാർ 19 ആയിരിക്കാം യാക്കൊബ് ചിന്തിച്ചത്).
  2. നാം നിരാശപ്പെടുന്നതുപോലെ ഏലിയാവും നിരാശപ്പെട്ടിരുന്നു. അതിലുപരിയായി, ദൈവപുരുഷനായ അവൻ മാത്രമായിരുന്നില്ല അങ്ങനെ ചെയ്യേണ്ടിയിരുന്നത്.
     - ഏ. മോശെ (സംഖ്യാപുസ്തകം 11)
     - ബി. യോനാ (യോനാ 4)
     - സി. പൗലൊസ് (2 കൊരിന്ത്യർ 1)
- ബി. ഏലിയാവിന്റെ പ്രശ്നം നമുക്ക് നോക്കാം, അവൻ എങ്ങനെയാണ് അങ്ങനെ ആയതെന്നും ദൈവം അന്റെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിച്ചു എന്നും നമുക്ക് നോക്കാം (1 രാജാക്കന്മാർ 19).[16]

I. ഉദ്വേഗജനകമായ ഒരവസ്ഥ (19:1–4)
- ഏ. ദേശത്തിന് വലിയ ഒരു പ്രതീക്ഷയുമായാണ് ഏലിയാവ് നഗരവാതിലിൽ എത്തിയത്.
  1. ഏലിയാവ് പ്രതീക്ഷിച്ചതുപോലെ സംഭവിച്ചില്ല (വാക്യം 1). ഈസെബേൽ കോപിഷ്ഠയായി!
  2. ഒരു കുലപാതകിയെ അയക്കുന്നതിനുപകരം എന്തുകൊണ്ടാണ് ഏലിയാവ് ഒരു സന്ദേശവാഹകനെ അയച്ചത്

(വാക്യം 2)? അവൾ ഒരുപക്ഷെ ഏലിയാവിനെ ഇരട്ട പ്രവൃത്തികൾക്ക് വെല്ലുവിളിച്ച താകാം.

3. ബാലിന്റെ 450 പ്രവാചകന്മാരെ വക വരുത്തിയ ആൾ ഒരു രാജ്ഞിയിൽനിന്നു *ഓടി* ഒളിക്കുന്നു (വാക്യം 3).
4. അവൻ ഒരു ചൂരച്ചെടിയുടെ തണലിൽ ഇരുന്നു (വാക്യം 4). അവിടെ നമുക്ക് നിരാശയുടെ പ്രത്യേക വാക്കുകൾ കേൾക്കാം!

ബി. ഏലിയാവ് എങ്ങനെ ചൂരച്ചെടിയുടെ തണലിലെത്തി?

1. അവനെ നയിച്ചത് മാനുഷിക കാരണങ്ങളായിരുന്നു, ദൈവിക വെളിപ്പാടിനാലായിരുന്നില്ല. അവൻ ''യഹോവയുടെ വചനത്തി നായി'' കാത്തിരുന്നില്ല.
2. അവന്റെ ചിന്തകൾ തെന്നിപ്പോയിരുന്നു.
3. അവൻ ഭയത്തിനടിമപ്പെട്ടു, നമുക്ക് ഭയം നേരിടുമ്പോൾ, നാം അതിനു കീഴ്പ്പെടും.
4. വിജയത്തിനുശേഷമുള്ള പരാജയത്തെ നേരിടുവാൻ അവൻ ഒരുങ്ങിയിരുന്നില്ല. വിജയം നമ്മെ ഒരുങ്ങുമാറാക്കുന്നു.
5. ശക്തിയുടെ ഉറവിടങ്ങളെല്ലാം അവൻ വിഛേദിച്ചുകളഞ്ഞു.
    ഏ. അവൻ ദൈവവചനത്തിനായി കാത്തിരുന്നില്ല.
    ബി. അവൻ തന്റെ ബാല്യക്കാരനോടും യാത്രാമൊഴി ചൊല്ലി.
6. അവൻ തന്നെത്തന്നെ ക്ഷീണിതനാക്കി. (നിങ്ങൾ ക്ഷീണിതൻ ആയിരിക്കുമ്പോൾ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കരുത്!)
7. അവൻ സ്വയം-പരിതപിക്കുവാൻ തുടങ്ങി, സ്വയം-പരിതപിക്കൽ ഭോഷ്ക്ക് പറയും, ആവയെ ആദ്യം വലുതാക്കുകയും, പിന്നെ അതു വിശ്വസിക്കുകയും ചെയ്യും. സ്വയം-പരിതപിക്കൽ ഒരാളെ ആത്മഹത്യയിലേക്കു പോലും നയിച്ചേക്കാം.

II. ആ ശൂന്യത പരിഹരിക്കുവാൻ ദൈവം എന്താണ് ചെയ്തത് (19:5–21)

ഏ. ദൈവം ഏലിയാവിന്റെ ഭൗതികാവശ്യങ്ങൾ നിറവേറ്റി; വിശ്രമവും ആഹാരവും (വാക്യങ്ങൾ 5–8).

ബി. ഏലിയാവിന്റെ പ്രശ്നങ്ങളിൽനിന്നു അവനെ തന്നിലേക്ക് വരുത്തുവാൻ ദൈവം ഏലിയാവിനോട് മൃദുവായിട്ടാണ് ഇടപെട്ടത് (വാക്യങ്ങൾ 9–14).

1. ഏലിയാവിനെ അവനിൽനിന്നു പുറത്തു കൊണ്ടുവരുവാൻ ദൈവം ആദ്യം ചോദ്യം ചോദിച്ചു.
2. പിന്നെ അവൻ ഏലിയാവിനെ ഗുഹയുടെ പുറത്തു കൊണ്ടുവരുവാൻ ദൈവം ശബ്ദം പുറപ്പെടുവിച്ചു.

സി. ദൈവം ഏലിയാവിന് അർത്ഥവത്തായ ജോലി കൊടുത്തു (വാക്യങ്ങൾ 15–18).

1. ഏലിയാവ് മുൻപ് പറഞ്ഞതിനെല്ലാം ദൈവം മറുപടി കൊടുത്തതു ശ്രദ്ധിക്കുക.
    ഏ. ഏലിയാവ്: ''യിസ്രായേൽ നിന്റെ കൽപനകൾ ഉപേ

ക്ഷിച്ചു''; ദൈവം: ''സിറിയൻ രാജാവ് ഹസായേൽ യിസ്രായേലിനെ ശിക്ഷിക്കും.''

ബി. ഏലിയാവ്: ''ആഹാബും ഈസെബേലും നിന്റെ യാഗപീഠങ്ങളെ ഇടിച്ചുകളഞ്ഞു''; ദൈവം: ''ആഹാബിന്റെ വാഴ്ച്ചയെ യേഹു നശിപ്പിക്കും. അതിനുശേഷം ബാലിനെ ആരാധിക്കൽ ഉണ്ടാവുകയില്ല.''

സി. ഏലിയാവ്: ''അവർ നിന്റെ പ്രവാചകന്മാരെ കൊന്നുകളഞ്ഞു''; ദൈവം: ''ഞാൻ ഒരു പകര-ക്കാരനെ നൽകും [ഏലിശാ].''

ഡി. ഏലിയാവ്: ''ഞാൻ മാത്രം ശേഷിച്ചിരിക്കുന്നു''; ദൈവം: ''ബാ ലിന്നു മുട്ട് മടക്കാത്ത ഏഴായിരം പേരെ ഞാൻ ശേഷിപ്പി ച്ചിരിക്കുന്നു.''

2. അവന്റെ ജീവിതം അവസാനിച്ചിട്ടില്ല എന്നാണ് ദൈവം പറഞ്ഞത്; അവന് അർത്ഥവത്തായ ജോലി ചെയ്യേണ്ടതായിട്ടുണ്ട്.

ഏ. കർമ്മേൽ പർവ്വതത്തിൽ ഇനി ഒരു പരാജയമില്ല; എങ്കിലും നാടകീയ നിമിഷങ്ങൾ ഇനിയുമുണ്ട്.

ബി. യുവാക്കളെ പരിശീലിപ്പിക്കുന്ന പ്രധാനപ്പെട്ട ജോലി ദൈവം അവനു നൽകി!

ഡി. ഏലിയാവിന് ദൈവം ഒരു സ്നേഹിതനെയും തുണയെയും നൽകി (വാക്യങ്ങൾ 19-21).

1. ഏലിയാവ് ഇരുണ്ട ഗുഹയിൽനിന്നു പുറത്തു കടന്നു ദൈവവേല ചെയ്യുവാൻ ഒരുങ്ങി. അവൻ ''വഴിയിൽനിന്നു ചാടിപ്പോയിരുന്നു,'' പക്ഷെ ദൈവം അവനെ നേർപാതയിലേക്കു തിരിച്ചു കൊണ്ടുവന്നു!

2. ഏലിയാവ് ഏലിശായെ കണ്ടെത്തി. ഏലിയാവ് ഒരു വന്യ -മനു ഷ്യനായിരുന്നു; ഏലിശാ ഒരു കൃഷിക്കാരനായിരുന്നു. വ്യക്തി കൾ ദൈവത്തിന് സമർപ്പിക്കപ്പെടുകയാണെങ്കിൽ, ദൈവത്തിനു വിവിധ രീതിയിൽ താലന്തുള്ളവരെയും വ്യത്യസ്തരായവരേയും ഉപയോഗിക്കുവാൻ കഴിയും!

3. ഏലിശാ ഏലിയാവിനെ പിൻപറ്റുകയും, ''അവനെ ശുശ്രൂഷിക്കുകയും ചെയ്തു'' (വാക്യം 21). ഏലിയാവിനു വേണ്ടതെല്ലാം ഏലിശാ നൽകി. നമുക്ക് എല്ലാവർക്കും സ്നേഹിതന്മാർ വേണം!

ഉപസംഹാരം

ഏ. വിജയ പർവ്വതമായ, കർമ്മേൽ പർവ്വതമല്ല അത്, നാം നമ്മെ കാണുന്നതുപോലെയല്ല, എന്നാൽ ഏകാന്തതയുടെ പർവ്വതമായ സിനായ് പർവ്വതത്തിലാകുമ്പോൾ - നാം വിചാരിക്കുന്നതുപോലെയും, പ്രതീക്ഷിക്കുന്നതുപോലെയുമാകണമെന്നില്ല.

ബി. നിങ്ങൾ സ്വയം-പരിതപിക്കുന്ന ഇരുണ്ട ഗുഹയിലാകുമ്പോൾ, കർത്താവിങ്കലേക്കു തിരിയുകയും, അവനിൽ ആശ്രയിക്കുകയും ചെയ്യുക! ആ ഗുഹയിൽനിന്നു പുറത്തു കടക്കുക!